LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം താലൂക്കിൽ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ

30 [3617] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം താലൂക്കിൽ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നറിയിക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഇനി ഏതെല്ലാം പൂർത്തിയാക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പൂർത്തിയാക്കിയ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക, ദൈർഘ്യം, വർഷം എന്നിവ പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി ഫ്ളഡ് വർക്ക് മാതൃകയിൽ ചെറിയ ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശിക്കുമോ;

(ഡി) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

(ബി) പമ്പുകൾ സ്ഥാപിക്കുക, വാൽവുകൾ സ്ഥാപിക്കുക മുതലായവ ഒഴികെയുള്ളവയിൽ മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ദുരിതാശ്വാസത്തിനായി വിതരണം ചെയ്യാതെ കിടക്കുന്ന തുക

31 [3618] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസത്തിനായി മൈനർ ഇറിഗേഷൻ വകുപ്പു മുഖേന മലപ്പുറം ജില്ലയിൽ നടപ്പാക്കിയ വിവിധ വർക്കുകൾക്ക് വകുപ്പുകൾ തമ്മിലുള്ള തർക്കംമൂലം തുക മാറിക്കിട്ടാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആകെ എന്തുതുകയാണ് ഇപ്പോഴും വിതരണം ചെയ്യാതെ കിടക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുക അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസത്തിനായി 33,44,400 രൂപയുടെ പ്രൊപ്പോസൽ അടങ്ങിയ ഫയൽ ലറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നതിനായി ധനകാര്യ വകുപ്പിലേക്കയച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി പ്രസ്തുത ഫയൽ ധനകാര്യ വകുപ്പു മടക്കി അയച്ചു. അപാകതകൾ പരിഹരിച്ച് ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 33,44,306 രൂപ.

(സി) ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കുന്ന മുറയ്ക്ക് പണം നൽകുന്നതാണ്.

കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

32 [3619] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് ഭീമമായ തുക കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയുടെ ഇനം തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(സി) കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) സർക്കാർ സ്ഥാപനങ്ങളും വകുപ്പുകളും നൽകാനുള്ള കുടിശ്ശിക എത്രയാണ്;

(ഇ) ആകെ പിരിഞ്ഞുകിട്ടാനുള്ള തുകയും ഇത് ലഭിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികളും എന്തൊക്കെയാണ്;

(എഫ്) കേരള വാട്ടർ അതോറിറ്റിക്ക് 1 ലിറ്റർ വെള്ളം വിതരണം നടത്തുമ്പോൾ ചെലവാകുന്ന തുകയും തിരികെ കിട്ടുന്ന വിലയും എത്രയാണ്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിക്ക് വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്ന് പിരിഞ്ഞു കിട്ടുവാനുള്ള കുടിശ്ശികയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ഗാർഹികം	:	5133.15	ലക്ഷം രൂപ
ഗാർഹികേതരം	:	9292.21	ലക്ഷം രൂപ
വ്യാവസായികം	:	1631.66	ലക്ഷം രൂപ
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	:	27036.87	ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly